**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3133** **11-03-2025 - ൽ മറുപടിയ്ക്ക്**

**അഴീക്കോട്-മുനമ്പം പാലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബിയിൽ നിന്നും 154.626 കോടി രൂപയുടെ സാമ്പത്തിക അനുമതിയും 16.12.2021-ന് 143.15 കോടി രൂപയുടെ സാങ്കേതികാനുമതിയും ലഭ്യമായിട്ടുള്ള അഴീക്കോട്-മുനമ്പം പാലം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | പ്രവൃത്തിയുമായി ബന്ധപ്പെട്ട് നിലവിൽ പൈലിങ്, സ്ലാബ് നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. ഏകദേശം 46% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പാലം നിർമ്മാണത്തിനായി മുനമ്പം ഭാഗത്തെ പെട്രോൾ പമ്പിന്റെ സ്ഥലം ഏറ്റെടുക്കുന്നതിലുള്ള കാലതാമസം പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടി വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത പ്രവൃത്തിയുടെ സ്ഥലം ഏറ്റെടുപ്പുമായി ബന്ധപ്പെട്ട് നിലവിൽ ഏകദേശം അഞ്ചോളം കേസുകൾ ബഹു. ഹൈക്കോടതിയുടെ പരിഗണനയിലാണ്. ആയവയുടെ കോടതി വിധിക്കനുസൃതമായി തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | പാലത്തിനായി ഏറ്റെടുക്കുന്ന പള്ളിപ്പുറം പഞ്ചായത്ത് വാങ്ങിയ സ്ഥലത്തിനും അവിടെയുള്ള കെട്ടിടത്തിനും നഷ്ടപരിഹാര തുക ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത തുക എന്നത്തേയ്ക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ; | (സി) | നിലവിൽ നഷ്ടപരിഹാരത്തുക നൽകിയിട്ടില്ല. പള്ളിപ്പുറം പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഉള്ള കെട്ടിടത്തിന്റെ വില നിർണയം നടത്തുകയും ആയത് ലാൻഡ് അക്വിസിഷൻ ഓഫീസർ മുൻപാകെ സമർപ്പിച്ചിട്ടുള്ളതുമാണ്. ആയതിനു അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | പാലത്തിന്റെ നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ? | (ഡി) | നിലവിൽ പ്രവൃത്തി പൂർത്തീകരണ കാലാവധി 16.10.2025 വരെ നീട്ടി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ